**കേരള സർക്കാർ**

നം. 73113/എബി2/13/തസ്വഭവ.

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്,
തിരുവനന്തപുരം: തീയതി: 06/02/2014
ഫോൺ: 04712518907

# സർക്കുലർ

വിഷയം:- സാൻഡ് പാസിന്റെ ആവർത്തിച്ചുള്ള ഉപയോഗം തടയുന്നതു സംബന്ധിച്ച്

സൂചന:- ധനകാര്യ പരിശോധനാ (എൻറ്റിഇ) വകുപ്പിന്റെ 22/11/2013-ലെ 13962/FIW – E2/2006/Fin നമ്പർ അനൌദ്യോഗികക്കുറിപ്പ്.

......

സംസ്ഥാനത്തെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മണൽ വിൽപ്പനയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടക്കുന്നതായി ധനകാര്യ പരിശോധനാ വിഭാഗം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ മണൽപാസ് വിതരണത്തിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ക്രമ പ്രകാരം വിവരങ്ങൾ രേഖപ്പെടുത്തി കൃത്യത ഉറപ്പാക്കി മേലൊപ്പ് വച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്. മണൽ പാസ് നൽകിയതിന്റെ കൌണ്ടർഫോയിൽ ക്രമപ്രകാരം ഭാവിയിലെ പരിശോധനകൾക്കായി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകർക്ക് വ്യാജ മണൽ പാസ്സുകൾ വിതരണം ചെയ്യുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തണം. ഒരിക്കൽ വിതരണം ചെയ്ത മണൽ പാസ്സ് വീണ്ടും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ ആവശ്യമായ നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതുമാണ്.

പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിനായി)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)
ധനകാര്യ പരിശോധന (എൻ.റ്റി.ഇ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ